13 (*339) നാഷണൽ ഹൈഡ്രോളജി പ്രോജക്ട്

ശ്രീ. സി.എൻ. ജയദേവൻ :
ശ്രീ. കെ.പി. രാജേന്ദ്രൻ :
പ്രൊഫ. മീനാക്ഷി തമ്പാൻ :
ശ്രീ. പി. നാരായണൻ :
ശ്രീ. സത്യൻ മൊകേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂജലവകുപ്പിന്റെ കീഴിൽ നാഷണൽ ഹൈഡ്രോളജി പ്രോജക്ട് നടപ്പാക്കി വരുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇതിൻപ്രകാരം നടപ്പാക്കിവരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ;

(സി) ഈ പദ്ധതിക്ക് ലോകബാങ്കിന്റെ സഹായം ലഭിക്കുന്നുണ്ടോ; എങ്കിൽ ഇതുവരെ എന്ത് സഹായം ലഭിച്ചുവെന്ന് വെളിപ്പെടുത്തുമോ?

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി.പി. രാമകൃഷ്ണ പിള്ള) :

(എ) ഉണ്ട്. ഭൂജലവകുപ്പിന്റെയും ജലസേചനവകുപ്പിന്റെയും കീഴിൽ സംയുക്തമായി നാഷണൽ ഹൈഡ്രോളജി പ്രോജക്ട് നടപ്പാക്കിവരുന്നു.

(ബി) നാഷണൽ ഹൈഡ്രോളജി പ്രോജക്ടിന്റെ പ്രധാനലക്ഷ്യം ഭൂജല-ഉപരിതല ജലത്തെ സംബന്ധിച്ച് പൂർണ്ണമായ ഒരു ഡേറ്റാബേസ് സ്ഥാപിക്കുകയെന്നതാണ്. സംസ്ഥാനതലത്തിൽ തിരുവനന്തപുരത്ത് ഒരു ഡേറ്റാ സെന്ററും, എറണാകുളത്തും കോഴിക്കോട്ടും ഓരോ റീജിയണൽ ഡേറ്റാ സെന്ററും സ്ഥാപിക്കുവാനാണ് ഉദ്ദേശിക്കുന്നത്.

ഭൂജലവകുപ്പിന്റെ കീഴിൽ കുഴൽക്കിണർ കുഴിക്കുക, ഇതിന്റെ സ്ഥാനം വാട്ടർഷെഡ് മാപ്പിൽ രേഖപ്പെടുത്തുക തുടങ്ങിയ പ്രവൃത്തികൾ നടന്നുവരുന്നു. കുഴൽക്കിണറുകളിൽ വെള്ളത്തിന്റെ വ്യതിയാനം വാട്ടർ ലെവൽ റിക്കോർഡർ സ്ഥാപിച്ച് ശേഖരിച്ചുവരുന്നുണ്ട്. ഗുണനിലവാരം പരിശോധനയ്ക്കായി തിരുവനന്തപുരത്തെ ലബോറട്ടറിയുടെ സ്ഥാനം ലെവൽ 2+ ആയി ഉയർത്തിയിട്ടുണ്ട്. കമ്പ്യൂട്ടറുകൾ വാങ്ങി ഡേറ്റാ ശേഖരിച്ചുകൊണ്ടിരിക്കുകയാണ്.

(സി) ലോകബാങ്ക് സഹായത്തോടെയാണ് ഈ പദ്ധതി നടപ്പാക്കിവരുന്നത്. 1999 നവംബർ 30-ാം തീയതി വരെ 327.69 ലക്ഷം രൂപ ലോകബാങ്കിൽനിന്നും ഭൂജലഘടകത്തിന് ലഭിച്ചിട്ടുണ്ട്. ഉപരിതല ജലഘടകത്തിന്റെ കീഴിൽ 11/99 വരെ 250.86 ലക്ഷം രൂപ ചെലവഴിച്ചിട്ടുള്ളതിൽ 131.30 ലക്ഷം രൂപ ലോകബാങ്കിൽ നിന്നും റീ-ഇംപേഴ്സ് ചെയ്ത് കിട്ടിയിട്ടുണ്ട്.

14 (*340) പട്ടികവർഗ്ഗ ഊരുകളിലെ വിദ്യാഭ്യാസ സൗകര്യങ്ങൾ

ശ്രീ. എ.കെ. മണി :
ശ്രീ. കെ.എ. ചന്ദ്രൻ :
ശ്രീ. കെ.കെ. രാമചന്ദ്രൻ മാസ്റ്റർ :
ശ്രീമതി രാധാ രാഘവൻ :
ശ്രീ. എഴുകോൺ നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly